# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഗവ ചിൽഡ്രൻസ് ഹോമുകളിലേയും ഗവ സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകളിലേയും സ്കൂളിൽ പോകുന്ന കുട്ടികൾക്ക് 2017-18 അദ്ധ്യയന വർഷത്തിൽ സ്കൂളിൽ കൊണ്ടുപോകുന്നതിനാവശ്യമായ സാധനസാമഗ്രികൾ (ബാഗ്, കുട, ചെരിപ്പ്, പാഠ്യ ഉപകരണങ്ങൾ മുതലായവ) വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകി കൊണ്ടും ആയതിലേയ്ക്ക് ആവശ്യമായ തുക അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു.

പരാമർശം :

## ഉത്തരവ് നമ്പർ : ICPS 2/18679/2017 തീയതി : 31/05/2017

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗവ ചിൽഡ്രൻസ് ഹോമുകളിലേയും ഗവ സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകളിലേയും സ്കൂളിൽ പോകുന്ന കുട്ടികൾക്ക് 2017-18 അദ്ധ്യയന വർഷത്തിൽ സ്കൂളിൽ കൊണ്ടുപോകുന്നതിനാവശ്യമായ സാധനസാമഗ്രികൾ (ബാഗ്, കുട, ചെരിപ്പ്, പാഠ്യ ഉപകരണങ്ങൾ മുതലായവ) സ്കൂളുകൾ തുറക്കുന്നതിനു മുൻപ് തന്നെ വാങ്ങി നൽകേണ്ടത് അത്യാവശ്യമാണ്. ടി സാഹചര്യത്തിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗവ ചിൽഡ്രൻസ് ഹോമുകളിലേയും ഗവ സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകളിലേയും സ്കൂളിൽ പോകുന്ന കുട്ടികൾക്ക് പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഒരു കുട്ടിയ്ക്ക് 2,500/-രൂപ നിരക്കിൽ തുക അനുവദിക്കാവുന്നതാണ്. ഗവ ചിൽഡ്രൻസ് ഹോം, ഗവ സ്പെഷ്യൽ ചിൽഡ്രൻസ് ഹോം എന്നീ സ്ഥാപനങ്ങളുടെ ലിസ്റ്റ്, കുട്ടികളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു.

| നമ്പർ | സ്ഥാപനത്തിന്റെ പേര് | 2017-18 അദ്ധ്യയന വർഷത്തിൽ സ്കൂളിൽ പോകുന്ന കുട്ടികളുടെ എണ്ണം | ആവശ്യമായി വരുന്ന തുക |
|---|---|---|---|
| 1 | ഗവ ചിൽഡ്രൻസ് ഹോം, തിരുവനന്തപുരം | 45 | 1,12,500/-രൂപ |
| 2 | ഗവ ചിൽഡ്രൻസ് ഹോം, കൊല്ലം | 88 | 2,20,000/-രൂപ |
| 3 | ഗവ ചിൽഡ്രൻസ് ഹോം, കോട്ടയം | 35 | 87,500/-രൂപ |
| 4 | ഗവ ചിൽഡ്രൻസ് ഹോം (ഗേൾസ്), മായിത്തറ, ആലപ്പുഴ | 35 | 87,500/-രൂപ |
| 5 | ഗവ ചിൽഡ്രൻസ് ഹോം (ബോയ്സ്), നൂറനാട്, ആലപ്പുഴ | 29 | 72,500/-രൂപ |
| 6 | ഗവ ചിൽഡ്രൻസ് ഹോം, എറണാകുളം (ഗേൾസ്) | 60 | 1,50,000/-രൂപ |
| 7 | ഗവ ചിൽഡ്രൻസ് ഹോം (ഗേൾസ്), | 124 | 3,10,000/-രൂപ |

PTO

| | | | |
|---|---|---|---|
| | കോഴിക്കോട് | | |
| 8 | ഗവ ചിൽഡ്രൻസ് ഹോം (ബോയ്സ്), കോഴിക്കോട് | 45 | 1,12,500/-രൂപ |
| 9 | ഗവ ചിൽഡ്രൻസ് ഹോം, തൃശൂർ | 50 | 1,25,000/-രൂപ |
| 10 | ഗവ ഗേൾസ് ഹോം, കണ്ണൂർ | 47 | 1,17,500/-രൂപ |
| 11 | ഗവ. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, പത്തനംതിട്ട | 23 | 57,500/-രൂപ |
| 12 | ഗവ. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, പാലക്കാട് | 12 | 30,000/-രൂപ |
| 13 | ഗവ. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, മലപ്പുറം | 25 | 62,500/-രൂപ |
| 14 | ഗവ. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, വയനാട് | 25 | 62,500/-രൂപ |
| 15 | ഗവ. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, തലശ്ശേരി, കണ്ണൂർ | 30 | 75,000/-രൂപ |
| 16 | ഗവ. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, കാസർഗോഡ് | 15 | 37,500/-രൂപ |
| | **ആകെ** | **688** | **17,20,000/-രൂപ** |

ഈ സാഹചര്യത്തിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മേൽപ്പട്ടിക പ്രകാരം ഗവ ചിൽഡ്രൻസ് ഹോമുകളിലേയും ഗവ സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകളിലേയും സ്കൂളിൽ പോകുന്ന 688 കുട്ടികൾക്ക് 2017-18 അദ്ധ്യയന വർഷത്തിൽ ആവശ്യമായ സ്കൂൾ ഉപകരണങ്ങൾ (പാഠ്യ ഉപകരണങ്ങൾ, ബാഗ്, കുട, ചെരിപ്പ്, മുതലായവ) സപ്ലൈകോ/ഗവ: അംഗീകൃത സൊസൈറ്റികൾ/ത്രിവേണി സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും വാങ്ങുന്നതിനുള്ള അനുമതി നൽകി കൊണ്ടും ആയതിലേയ്ക്ക് മേൽപ്പട്ടിക പ്രകാരം ആവശ്യമായി വരുന്ന ആകെ തുകയായ 17,20,000/-രൂപ (പതിനേഴ് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

ടി തുക (17,20,000/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-61 (P) 34 OC-യിൽ സ്റ്റേറ്റ് ഫണ്ടിൽ നിന്നും അതാത് ജില്ലകളിലെ ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ പേരിൽ അലോട്ട്മെന്റ് ആയി നൽകേണ്ടതാണ്. ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ പ്രസ്തുത തുകകൾ അതാത് ചിൽഡ്രൻസ് ഹോം/സ്പെഷ്യൽ ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർക്ക് നൽകേണ്ടതുമാണ്. സ്ഥാപനസൂപ്രണ്ടുമാർ പ്രസ്തുത തുക ചെലവഴിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, കൈപറ്റ് രസീത് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യ നീതി ഡയറക്ടർ
ആൻഡ് മെമ്പർ സെക്രട്ടറി
എസ്.സി.പി.എസ്

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും.

<u>പകർപ്പ്</u>

1. എല്ലാ ജെ.ജെ സ്ഥാപന സൂപ്രണ്ടുമാർക്കും.
2. സൂപ്രണ്ട്, അലോട്ട്മെന്റ് സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിനു വേണ്ടി)
3. ഐ.സി.പി.എസ് - 4 (അലോട്ട്മെന്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം)
4. സ്റ്റോക്ക് ഫയൽ
5. സ്പെയർ കോപ്പി

ഉത്തരവിൻപ്രകാരം,

സൂപ്രണ്ട്